കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 ലെ നെൽകൃഷിയും സമഗ്രപദ്ധതിയും എന്ന പ്രോജക്ടിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).686/15/തസ്വഭവ                    തിരുവനന്തപുരം, തീയതി, 10.03.2015

================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 10.09.2014 ലെ 11191/ഡി.പി.4/2014/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 ലെ നെൽകൃഷിയും സമഗ്രപദ്ധതിയും എന്ന പ്രോജക്ട് പ്രകാരം 20 പേർക്ക് പരിശീലനം നൽകുന്നതിലേക്കായി 1,50,000/- രൂപയുടെ ഡി.ഡി മുൻകൂർ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന 5 പേരുടെ വിഹിതമായ 37,500/- രൂപ തിരിച്ചടയ്ക്കുവാൻ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആദ്യഘട്ടത്തിൽ 15 പേർക്കും അപ്പോൾ പങ്കെടുക്കാതിരുന്ന 5 പേർക്ക് പിന്നീടും പരിശീലനം നൽകിയിട്ടുണ്ടെന്നും ട്രെയിനിംഗ് നിശ്ചയിച്ചിരുന്ന തീയതികളിൽ തന്നെ നടത്തപ്പെട്ടിട്ടുള്ളതിനാൽ ടി തുക തിരിച്ചു പിടിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് വ്യവസ്ഥയില്ലെന്നും ആയതിനാൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 ലെ നെൽകൃഷിയും സമഗ്ര പദ്ധതിയും എന്ന പ്രോജക്ടിന്റെ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകാവുന്നതാണെന്നും പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കാർഷിക സർവ്വകലാശാല ട്രെയിനിംഗ് നിശ്ചയിച്ചിരുന്ന തീയതികളിൽ തന്നെ നടത്തപ്പെട്ടിട്ടുള്ളതിനാലും, വ്യക്തിപരമായ കാരണങ്ങളാൽ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ട 20 അംഗങ്ങളിൽ അഞ്ച് പേർക്ക് പങ്കെടുക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ അവർക്ക് കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക ഉപദേശത്തോടെ പരിശീലനം നൽകുന്നതിന് ആലുവാ കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരിശീലനം പൂർത്തീകരിച്ചിട്ടുള്ളതിനാലും ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 ലെ നെൽകൃഷിയും സമഗ്രപദ്ധതിയും എന്ന

പ്രോജക്റ്റിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം പരാമർശിച്ചിട്ടുള്ള 37,500/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, ആലങ്ങാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ